**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5514** **13-08-2021 - ൽ മറുപടിയ്ക്ക്**

**സ്കിൽ ട്രെയിനിംഗ് പ്രോഗ്രാം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നൽകുന്ന സ്കിൽ ട്രെയിനിംഗ് പ്രോഗ്രാമുകൾ നടത്തുന്നതിനായി ഏതെല്ലാം ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; | (എ) | നൈപുണ്യ വികസനത്തിനായി സംസ്ഥാന സർക്കാർ അംഗീകാരമുള്ള കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസ് (KASE) എന്ന സ്ഥാപനത്തിന്റെയോ, Deen Dayal Upadhyaya Grameen Kaushalya Yojana (DDUGKY), National Skills Qualifications Framework (NSQF), National Skill Development Corporation (NSDC) എന്നിവയുടെ അംഗീകാരമുള്ളതോ ആയ കോഴ്സുകൾ നടത്തുന്നവരിൽ നിന്നാണ് ഏജൻസികളെ തെരഞ്ഞെടുത്തിട്ടുള്ളത്. പ്രസ്തുത ഏജൻസികളെ മത്സരാടി സ്ഥാനത്തിൽ തെരഞ്ഞെടുത്ത് കോഴ്സുകൾ നടത്തുന്നതിന് ചുമതലപ്പെടുത്തുന്നു. |
| (ബി) | പ്രസ്തുത ഏജൻസികൾ കോവിഡ് കാലത്ത് ക്ലാസുകൾ നടത്തിയിട്ടുണ്ടോ എന്ന കാര്യം അറിയിക്കാമോ; | (ബി) | 2020-21 വർഷത്തിൽ 6 കോഴ്സുകളിലാണ് നൈപുണ്യപരിശീലനം ആരംഭിച്ചത്. ഇതിൽ Quantity Surveyor കോഴ്സ് കോവിഡ് നിയന്ത്രണ മാർഗ്ഗ നിർദ്ദേശങ്ങൾ മുഴുവനായി പാലിച്ച് സർക്കാർ അനുമതിയോടെ പൂർത്തീകരിച്ചിട്ടുണ്ട്. ഗാർമെന്റ് ഡിസൈനിംഗ്, എയർലൈൻ കസ്റ്റമർ സർവ്വീസ്, എയർലൈൻ ആന്റ് എയർപോർട്ട് മാനേജ്മെന്റ്, ടെക്സ്റ്റൈൽ ഡിസൈനിംഗ് ആന്റ് ഗാർമെന്റ് മാനുഫാക്ചറിംഗ്, കെട്ടിട നിർമ്മാണ പരിശീലനം (ഗോത്രജീവിക ഘട്ടം) എന്നിവ കോവിഡ് നിയന്ത്രണത്തോടനുബന്ധിച്ച് നിർത്തിവയ്ക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ട്. നിയന്ത്രണങ്ങൾക്ക് ഇളവ് ലഭിക്കുന്ന മുറയ്ക്ക് ആയവ പുനരാരംഭിക്കുന്നതാണ്. |
| (സി) | എത്ര ഗുണഭോക്താക്കൾക്ക് ഇതിന്റെ ഭാഗമായി പരിശീലനം നൽകിയെന്നും എത്ര രൂപയാണ് ഇതിനായി പ്രസ്തുത ഏജൻസികൾക്ക് നൽകിയിട്ടുള്ളതെന്നുമുള്ള കാര്യങ്ങൾ അറിയിക്കാമോ; | (സി) | 2020-21 വർഷത്തിൽ 1600 പേർക്ക് പരിശീലനം നൽകുന്നതിന് തെരഞ്ഞെടുക്കുകയും ഈ പരിശീലന പരിപാടികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കോവിഡിന്റെ പശ്ചാത്തലത്തിൽ കഴിയാതെ വന്നതിനാൽ പരിശീലനം 2021-22 |

| | | | |
|---|---|---|---|
| | | | സാമ്പത്തിക വർഷത്തിലും തുടരേണ്ടതുണ്ട്. 2020-21 വർഷം ഈ ആവശ്യത്തിനായി 1482.04 ലക്ഷം രൂപയുടെ പരിശീലന പരിപാടികളാണ് അംഗീകരിച്ചിരുന്നത്. പ്രസ്തുത വർഷം ടി പദ്ധതി പ്രകാരം 788.72 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത ഏജൻസികളെ എപ്രകാരമാണ് തെരഞ്ഞെടുത്തതെന്ന കാര്യം അറിയിക്കാമോ? | (ഡി) | നൈപുണ്യ പരിശീലനം നൽകുന്നതിനായി കേന്ദ്ര/ കേരള സർക്കാരിന്റെ അംഗീകാരമുള്ള സ്ഥാപനങ്ങളിൽ നിന്നും താൽപര്യപത്രം ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷന്റെ പത്രകുറിപ്പ് വഴി ക്ഷണിക്കുകയും ആയത് അനുസരിച്ച് ലഭിക്കുന്ന പ്രൊപ്പോസലുകൾ, സർക്കാരിന്റെ വിവിധ പരിശീലന ഏജൻസികളായ കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസ്, Additional Skill Acquisition Programme, കുടുംബശ്രീയിൽ നിന്നുള്ള DDUGKY പ്രതിനിധി, വകുപ്പിന്റെ സീനിയർ ഉദ്യോഗസ്ഥർ എന്നിവർ ഉൾപ്പെട്ട ടെക്നിക്കൽ കമ്മിറ്റി കൂടി സ്ഥാപനത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ, പ്ലെയ്സ്മെന്റ് ഉറപ്പ് വരുത്തൽ, അവസാന മൂന്ന് വർഷത്തെ പ്രവൃത്തി പരിചയം, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേക ഹോസ്റ്റൽ സൗകര്യം തുടങ്ങി പരിശീലനത്തിനു വേണ്ട ദേശീയ മാനദണ്ഡങ്ങൾക്ക് അനുസരിച്ചുള്ള സംവിധാനങ്ങൾ എന്നിവ വിലയിരുത്തി പ്രത്യേക നോട്ട് തയ്യാറാക്കി സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരം ലഭിച്ച് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഓരോ സ്ഥാപനങ്ങളുമായി പ്രത്യേക ധാരണാപത്രം ഒപ്പ് വെക്കുന്ന മുറയ്ക്ക് സ്ഥാപനങ്ങൾ പരിശീലന പരിപാടികൾ ആരംഭിക്കുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ